DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

07-12-2018

# കാർഷികമേഖലാവാർത്തകൾ

## നീര പ്ലാന്റ് ഉദ്ഘാടനം

നാളികര കർഷകരുടെ സമഗ്രവികസനവും സാമ്പത്തിക ഭദ്രതയും ഉറപ്പ് വരുത്തുന്നതിന് വേണ്ടി 2018-19 പദ്ധതി വർഷത്തിൽ കൃഷി വകുപ്പ് കോഴിക്കോട് ജില്ലയിലെ മൂടാടി ഗ്രാമപഞ്ചാത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നു. ജൈവവള പ്രയോഗ പ്രോത്സാഹിപ്പിച്ചും ശാസ്ത്രീയ മായ വിള പരിപാലന രിതികൾ അവലംബിച്ചും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ പഞ്ചായത്തുതല ഉദ്ഘാടനം നാളെ വൈകിട്ട് 4 മണിക്ക് മൂടാടി ഗ്രാമപഞ്ചായത്ത് ഹാളിൽ എം.എൽ.എ. അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വച്ച് കൃഷിവകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ നിർവഹിക്കും. ഇതിന്റെ ഭാഗമായി കർഷകസെമിനാർ, പഞ്ചായത്തിലെ മികച്ച കർഷകരെ ആദരിക്കൽ, ഫോട്ടോ അനാഛാദനം തുടങ്ങിയവ സംഘടിപ്പിച്ചിരിക്കുന്നു.

## മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്

പൗൾട്രി വികസന കോർപ്പറേഷനിൽ നിന്നും ഒരു ദിവസം പ്രായമുള്ള ബി.വി. 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: മാള -9495000919, കൊട്ടിയം - 9495000918, തിരുവനന്തപുരം - 6282642714.

## ഇൻസ്ട്രക്ഷണൽഫാമിൽ ഹൈഡ്രോപോണിക്സ് കൃഷി പരിശീലനപരിപാടി

മണ്ണ് ഉപയോഗിക്കാതെ പൂർണ്ണമായും വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്ന നൂതന കൃഷിരീതിയായ ഹൈഡ്രോപോണിക്സ് വിഷയത്തെ പറ്റി 3 ദിവസത്തെ പരിശീലനപരിപാടി ഡിസംബർ 10 മുതൽ 12 വരെയുള്ള തീയതികളിൽ, Hi-Tech Research and Training Unit Hall, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വച്ച് നടത്തുന്നു. വിവിധതരം ഹൈഡ്രോപോണിക്സ് സിസ്റ്റം, - രൂപകൽപ്പനകൾ, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം, എന്നിവയെകുറിച്ച് വിദഗ്ദർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ : **7025498850**

## ക്ഷീര പരിശീലനം

ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഡിസംബർ 12 മുതൽ 22 വരെ സ്വയം തൊഴിൽ സംരംഭകർക്കും വീട്ടമ്മമാർക്കുമായി 10 ദിവസത്തെ ക്ഷീരോത്പന്ന നിർമ്മാണത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഡിസംബർ 11-നു മുമ്പായി പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 60 പേരെ മാത്രമേ പരിശീലനത്തിൽ പങ്കെടുപ്പിക്കുകയുള്ളൂ. രജിസ്ട്രേഷൻ ഫീസ് 125 രൂപ.

പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ആകെ 100 രൂപ യാത്രാബത്ത നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 0471-2440911.

## പച്ചക്കറിത്തൈകൾ വിൽപ്പനയ്ക്ക്

സംസ്ഥാന വിത്തുത്പാദന കേന്ദ്രമായ ഉള്ളൂരിൽ ശിതകാല പച്ചക്കറുകളായ ക്യാബേജ്, കോളിഫ്ളവർ എന്നിവയുടെയും മുളകിന്റെ തൈകളും വിതരണത്തിനായി തയ്യാറായിട്ടുണ്ടെന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. മൂന്ന് രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 0471 - 2530035

## പരിശീലനം

തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഡിസംബർ 10-ന് കാടക്കോഴിവളർത്തൽ, ഡിസംബർ 20, 21 തീയതികളിൽ ആട് വളർത്തൽ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0471 - 2732918.

ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി പരിശീലന കേന്ദ്രത്തിൽ ഈ മാസം 10- ന് കാടവളർത്തൽ, 12 മുതൽ 14 വരെ തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 17, 18 തീയതികളിൽ ആടുവളർത്തൽ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0479 - 245 2277

## കർഷകർക്കായി മൊബൈൽ ആപ്ലിക്കേഷൻ

റബ്ബർകർഷകർക്കായി ***റബ്ബർ കിസാൻ*** എന്ന പേരിൽ ഒരു മൊബൈൽ ആപ്പ് റബ്ബർബോർഡ് വികസിപ്പിച്ചെടുത്തു. നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററുമായി ചേർന്ന് വികസിപ്പിച്ചെടുത്ത ഈ ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിൽ ലഭ്യമാണ്.  എല്ലാ ദിവസത്തെ റബ്ബർവിലയും റബ്ബർ വിലയുടെ വാർഷികശരാശരിയും മാസശരാശരിയും ഈ ആപ്പിൽ കൂടി അറിയാൻ കഴിയും. കൂടാതെ റബ്ബർകൃഷി സംബന്ധമായ വിവരങ്ങൾ, ഓരോ മാസവും ചെയ്യേണ്ട കൃഷിപ്പണികൾ, ബോർഡ് സംഘടിപ്പിക്കുന്ന മീറ്റിങ്ങുകൾ, പരിശീലനപരിപാടികൾ, റബ്ബറുമായി ബന്ധപ്പെട്ട വാർത്തകൾ, റബ്ബർബോർഡ് ഓഫീസുകളുടെ വിലാസം തുടങ്ങിയവയെല്ലാം ഇതിൽ ലഭ്യമാണ്. ഗൂഗിൾ പ്ലേ സ്റ്റോറിൽ ‘Rubber Kisan’ എന്ന് ടൈപ്പ് ചെയ്ത് മൊബൈൽ ആപ്പ് ഡൗൺലോഡ്  ചെയ്യാം.